# John Elavathingal CMI, Brazil

## കാലഘട്ടത്തിന്റെ ഒരാവശ്യമായിരുന്നു വിനീതച്ചൻ



ഒരു ചെറു പുഞ്ചിരിയോടെ ധർമ്മാരാമിന്റെ ഇടനായികളിലൂടെ ഇളം മഞ്ഞ നിറത്തിലുള്ള ഷാളും പുതച്ച് സാവധാനം നടന്നു വരുന്ന കുറച്ചു വെളുത്ത തലമുടിയുള്ള ഒരച്ചൻ- ബഹുമാനപ്പെട്ട വിനീതച്ചനെക്കുറിച്ചുള്ള ആദ്യ ഓർമ്മ ഇതാണ്. പിന്നീടാണ് കോയമ്പത്തൂർ വൈസ് പ്രൊവിൻസിന്റെ ട്യൂട്ടറായി അറിയപ്പെടുന്ന എഴുത്തുകാരനായ, ഗാനരചയിതാവായ, തത്വചിന്തകനായ വലിയ മനുഷ്യനാണദ്ദേഹം എന്ന് മനസ്സിലായത്.

വാക്കുകൾക്ക് വലിയ വിലയുണ്ടെന്ന് മനസ്സിലാക്കിതന്ന ഒരു വ്യക്തിത്വമാണ് വിനീതച്ചന്റേത്. അതുപോലെതന്നെ നിശബ്ദതയിലൂടെയും നമുക്ക് സംസാരിക്കാമെന്നും അദ്ദേഹം കൂടെയുള്ളവരെ പഠിപ്പിച്ചു. താൻ അറിഞ്ഞതും, അനുഭവിച്ചതുമായ ദൈവാനുഭവം മറ്റുള്ളവരുമായി പങ്കുവെക്കുന്നതിൽ വിനീതച്ചൻ വളരെയധികം സന്തോഷം കണ്ടെത്തിയിരുന്നു. തന്റെ തിരക്കുപിടിച്ച അദ്ധ്യാപന, പുസ്തകരചനാ ദിനചര്യകളോടുകൂടെ പതിവുള്ള സന്ന്യാസ ക്രമത്തിനപ്പുറം ഒരു മണിക്കൂറെങ്കിലും ബെഞ്ചമിനച്ചൻ ചാപ്പലിൽ നിശബ്ദനായിരിക്കുന്നു. വിനീതച്ചൻ തത്വശാസ്ത്രപഠനകാലത്തിലെ ഒരു സവിശേഷ ഓർമ്മയായിരുന്നു. ആരോടും അതിരുകടന്ന അടുപ്പമോ, അകലമോ സൂക്ഷിക്കാത്ത ഒരു ശാന്തതയുള്ള മനുഷ്യനായ വിനീതച്ചൻ വളരെ പെട്ടെന്നായിരിക്കും നമ്മൾ പോലുമറിയാതെ നമ്മുടെ ഹൃദയത്തിലേക്ക് കയറിപറ്റുന്നത്. തന്റെ കഴിവുകളെക്കുറിച്ചും, കഴിവുകുറവുകളെക്കുറിച്ചും വളരെ തെളിമയുണ്ടായിരുന്ന വിനീതച്ചൻ പൂർണ്ണമായും ദൈവത്തിൽ സമർപ്പണം ചെയ്തുകൊണ്ടാണ് വിദ്യാവനം ആശ്രമത്തിന് തുടക്കം കുറിക്കുന്നത്. ആരംഭകാല അനിശ്ചിതത്വങ്ങളും, ആകുലതകളും ഒരു പരിധിയിൽ കവിഞ്ഞ് തന്നെ അലോസരപ്പെടുത്തുവാൻ അദ്ദേഹം അനുവധിച്ചിരുന്നില്ല. വളരെ ശ്രമകരമായ കാലഘട്ടത്തിൽ പോലും താൻ തുടങ്ങിവെച്ച ആശ്രമ പദ്ധതിയിൽ നിന്ന് പിന്തിരിയാൻ അദ്ദേഹം തയ്യാറായിരുന്നില്ല. താൻ ഒരിക്കലും കൈവിടാത്ത ദൈവം തന്നെ ഒരിക്കലും കൈവിടുകയില്ല എന്ന് വിശ്വസിക്കാൻ തക്ക അസാധാരണ വിശ്വാസിയായിരുന്നു ബഹുമാനപ്പെട്ട വിനീതച്ചൻ. താൻ ഏറ്റെടുത്ത കർത്തവ്യം തന്റെ ദൈവത്തിന്റേതാണ് എന്ന് വിശ്വസിക്കാനും, അതിന് പ്രതികൂലമായി നിൽക്കുന്ന തടസ്സങ്ങളെ ദൈവം തന്നെ അനുകൂലമായി മാറ്റിക്കൊള്ളും എന്നു വിശ്വസിക്കാനും സന്തോഷത്തോടെ, പരാതികളില്ലാതെ മുന്നോട്ടുപോകാനും അദ്ദേഹം എന്നും തയ്യാറായിരുന്നു.

അപരരുടെ കുറവുകളെക്കുറിച്ച് പറയാതെ തന്നെ നമ്മുടെ സായാഹ്ന സംഭാഷണങ്ങളെ തിളക്കമുള്ളതാക്കാമെന്ന് ഒരു സുസ്മിതത്തോടെ പഠിപ്പിച്ച ശാന്തനായ മനുഷ്യൻ എന്നും, നമുക്കൊരു ദീപ്തമായ ഓർമ്മയാണ്. എന്നെങ്കിലും ആരോടെങ്കിലും, എപ്പോഴെങ്കിലും അദ്ദേഹം ദേഷ്യപ്പെട്ടിരിക്കുമോ എന്ന് സംശയമാണ്. തന്റെ ജീവിതത്തിൽ ചിലപ്പോഴെങ്കിലും



അനുഭവിക്കേണ്ടിവന്ന വിഷമകരമായ അവസ്ഥകളെ മറവിയുടെ വാതിലിനപ്പുറം മറച്ചുവെക്കുവാൻ വിനീതച്ചന് ഒരു വിഷമവും ഉണ്ടായിരുന്നില്ല.

എന്തുകൊണ്ടും നമ്മുടെ കാലഘട്ടത്തിൻെറ ഒരാവശ്യമായിരുന്നു വിനീതച്ചൻ. തൻെറ കടമകളെ വിനീതമായി നിർവ്വഹിച്ച നിർമ്മലനായ വിനീതച്ചൻ, തൻെറ പേരിൻെറ കാരണഭൂതനായ വിശുദ്ധ ഫ്രാൻസീസ്സ് അസ്സീസിയെപ്പോലെ ചിരകാലം നമ്മുടെ ഉള്ളിൽ നിറഞ്ഞ് ജീവിക്കും. അദ്ദേഹം എന്നും കൂടെ കൊണ്ടുനടന്ന അമ്മയെ പുസ് തകതാളുകളിലൂടെ നമുക്ക് തന്നുകൊണ്ടാണ് അദ്ദേഹം കടന്നുപോയത്. അദ്ദേഹത്തിൻെറ മനസ്മിതം നമ്മളിലൂടെ തുടരട്ടെ.



# Joy Philip Kakkanattu CMI, Dharmaram, Bengaluru

## Impact: A Tribute to Father Francis Vineeth CMI

If a teacher can instil in a student a thought or an insight, which is like a spark that will get ignited in the course of time, he/she is a trailblazer for a generation. The concepts of *Dasein* and *Panchakoshas*, which have created sparks in me from the course of Fr. Francis Vineeth, continue to make me search for the meaning of *Sein* in relation to the earth and heaven and to continue striving for an inward journey to the *Anandamayakosa*. I can still recollect an idea that impacted me from his class: *Dasein* gets meaningful existence only in relation to the other and the Other. This idea, which has remained with me ever since 1984, has made me look for its biblical equivalents. Now I know that the basic idea of biblical covenant is relationality.

His classes on Metaphysics helped me not to stop at the phenomena and to ponder over the thought behind the phenomena, which is the Divine.

The importance of integration of various streams of thoughts, an idea which was powerfully and convincingly communicated in his classes helped me to search for a middle path, avoiding extremes, as I believe that any avouchment to one extreme would make us intolerant to others and may make us one-sided in our perspectives.